LIBRARY ARCHIVES Kerala Legislative Assembly

ഇരിട്ടി കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ ആരംഭിക്കാൻ നടപടി

251 (7814) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഇരിട്ടി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് സ്ഥലം ലഭ്യമാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇരിട്ടി കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കീഴൂർ വില്ലേജിൽ പഴശ്ശി ഇറിഗേഷന്റെ കൈവശമുള്ള 1.44 ഹെക്ടർ ഭൂമി കെ.എസ്.ആർ.ടി.സി.-ക്ക് സൗജന്യമായി കൈമാറി കിട്ടുന്നതിന് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം തലശ്ശേരി തഹസീൽദാർക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ നാളിതുവരെ സ്ഥലം കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറി ലഭിച്ചിട്ടില്ല.

(ബി) ഡിപ്പോയ്ക്ക് ആവശ്യമായ സ്ഥലം സൗജന്യമായി കൈമാറി എല്ലാ അടിസ്ഥാന സൗകര്യങ്ങളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഒരുക്കിതന്നാൽമാത്രമേ ഡിപ്പോയുടെ പ്രവർത്തനം സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

നാട്ടിക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ്

252 (7815) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാട്ടിക നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ സർവ്വീസ് നടത്തിയിരുന്ന ഏതെല്ലാം കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകളാണ് റദ്ദാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) നിലവിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(സി) റദ്ദാക്കിയ ബസ്സ് സർവ്വീസുകൾ പുനഃരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊടുങ്ങല്ലൂർ ഡിപ്പോയിലെ 06:00 മണി മുനക്കൽ ബീച്ചിന്റെ സ്നേഹതീരം ട്രിപ്പ്, ഇരിങ്ങാലക്കുട ഡിപ്പോയുടെ 06:40 ഗുരുവായൂർ, ചാലക്കുടി ഡിപ്പോയുടെ 06:20 പെരിഞ്ഞനം, ഗുരുവായൂർ ഡിപ്പോയുടെ